ആശുപത്രികളിൽ ഉപയോഗിക്കുന്ന പേവിഷബാധയ്ക്കെതിരെയുള്ള മരുന്ന്

137 (4572) ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേവിഷബാധയ്ക്ക് ഉപയോഗിക്കുന്ന മരുന്ന് കേന്ദ്രപൊതുമേഖലാ സ്ഥാപനമായ ഹ്യൂമൻ വൈറോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും വാങ്ങിയിരുന്നോ ; പ്രസ്തുത കമ്പനിക്ക് നൽകിയ കരാർ റദ്ദാക്കാനുണ്ടായ കാരണമെന്താണ് ;

(ബി) പ്രസ്തുത മരുന്നിന്റെ ഗുണനിലവാരം ഡ്രഗ്സ് കൺട്രോളർ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ ഈ പരിശോധയിൽ മരുന്ന് ഗുണനിലവാരം കുറഞ്ഞതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(സി) പേവിഷബാധയ്ക്ക് ഉപയോഗിക്കുന്ന മരുന്ന് നിലവിൽ ഏതു കമ്പനിയിൽ നിന്നാണ് വാങ്ങുന്നത് ;

(ഡി) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹ്യൂമൻ വൈറോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ഒരു ബാച്ചിന് എന്തു വിലയ്ക്കാണ് വാങ്ങിയത് ; സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും എന്തു വിലയ്ക്കാണ് വാങ്ങുന്നത് ;

(ഇ) ഇതിനകം എത്ര കോടി രൂപയുടെ മരുന്നാണ് 'ഇവന്തീസ്' എന്ന സ്വകാര്യ കമ്പനിയിൽ നിന്നും വാങ്ങിയിട്ടുള്ളത് ; പ്രസ്തുത മരുന്ന് ഉപയോഗിച്ച് പേവിഷബാധയേറ്റയാൾ മരണമടഞ്ഞ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) സ്വകാര്യ കമ്പനി നൽകുന്ന മരുന്ന് ഗുണനിലവാരം ഇല്ലാത്തതാണെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) കഴിഞ്ഞവർഷം പേവിഷബാധയ്ക്കെതിരെ ഉപയോഗിക്കുന്ന മരുന്നിനുള്ള കരാർ 'ഹ്യൂമൻ ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്' എന്ന സ്ഥാപനത്തിനു നൽകിയിരുന്നു. എന്നാൽ ഈ കമ്പനി വിതരണം ചെയ്ത മരുന്ന് ഉപയോഗിച്ച് നിരവധി പേർക്ക് റിയാക്ഷൻ ഉണ്ടായതായി കൊല്ലം ജില്ലാ ആശുപത്രി സൂപ്രണ്ടിന്റെ പരാതിയുടെ വെളിച്ചത്തിൽ പ്രസ്തുത കമ്പനിക്ക് നൽകിയ കരാർ മരവിപ്പിച്ചു.

(ബി) പ്രസ്തുത മരുന്നിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം ഡ്രഗ്സ് കൺട്രോളർക്ക് ഇല്ല. പ്രസ്തുത സംവിധാനം കേന്ദ്ര ഗവൺമെന്റിന്റെ സ്ഥാപനമായ സെൻട്രൽ ഡ്രഗ്സ് ലബോട്ടറിയിൽ മാത്രമേ നിലവിലുള്ളൂ.

(സി) അവന്തീസ് ഫാർമ എന്ന കമ്പനിയിൽ നിന്ന്.

(ഡി) ഹ്യൂമൻ ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും 147 രൂപയ്ക്കാണ് വാങ്ങിയത്. അവന്തീസ് ഫാർമയിൽ നിന്നും 181 രൂപയ്ക്കാണ് വാങ്ങുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 36 കോടിയോളം രൂപയുടെ മരുന്ന് അവന്തീസ് ഫാർമയിൽ നിന്നും വാങ്ങിയിട്ടുണ്ട്. ആ മരുന്ന് ഉപയോഗിച്ച് പേവിഷബാധയേറ്റയാൾ മരണമടഞ്ഞ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ഇല്ല.

സർക്കാർ ആശുപത്രിയിൽ വിതരണം ചെയ്തിട്ടുള്ള പാരസെറ്റമോൾ ഗുളികയുടെ ഗുണനിലവാര റിപ്പോർട്ട്

138 (4573) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ ആശുപത്രികളിലേക്ക് 2001-2002, 2002-2003 വർഷത്തിൽ പനിക്കുള്ള പാരസെറ്റമോൾ ഗുളിക എത്രവീതമായി വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതൊക്കെ കമ്പനികളിൽ നിന്നാണ് പാരസെറ്റമോൾ ഗുളിക വാങ്ങിയിട്ടുള്ളതെന്ന് അറിയിക്കാമോ ;

(സി) പാരസെറ്റമോൾ ഗുളികയ്ക്കായി ഈ രണ്ട് വർഷങ്ങളിൽ ചെലവായ തുക എത്ര ;

(ഡി) സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്തിട്ടുള്ള പാരസെറ്റമോൾ ഗുളിക ഗുണനിലവാരമില്ലാത്തതാണെന്നും ഉപയോഗിക്കാൻ പാടില്ലായെന്നും ഡ്രഗ്സ് ഇൻസ്പെക്ടറുടെ പരിശോധനയിൽ കണ്ടുപിടിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച പരിശോധനാ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ ;

(ഇ) ജില്ലാ മെഡിക്കൽ സ്റ്റോറുകളിൽ പാരസെറ്റമോൾ ഗുളികകൾ നിലവിൽ ആവശ്യത്തിന് ലഭ്യമാണോ ;

(എഫ്) തൃശ്ശൂർ ജില്ലയിൽ പാരസെറ്റമോൾ ഗുളിക വിതരണം ചെയ്ത ഏതൊക്കെ ആശുപത്രികളിൽ ഗുണനിലവാരമില്ലാത്തതാണെന്ന് ഡ്രഗ്സ് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് വിതരണം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ജി) ഈ ഗുളിക വിതരണം ചെയ്ത കമ്പനികൾ ഏതൊക്കെയാണ് ; ഇവയ്ക്ക് പേയ്മെന്റ് നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര സംഖ്യ വീതം വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിൽ നിന്നും വിതരണം ചെയ്ത പാരസെറ്റമോൾ ഗുളികയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly